കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
**www.lfa.kerala.gov.in**

# തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി.5 / 1798 / 2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി – 02.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും, ഭാഗം 3ലെ 3-3, 3-10 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി.5 / 1798 / 2016 തിയ്യതി: 02.12.2016

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ
2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.01.2016 മുതൽ 23.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-10-2016 മുതൽ 02-11-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി.ജി.സിന്ധു (ഓഡിറ്റ് ഓഫീസർ)<br>ശ്രീ.അജ്മൽ.എ.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>(24-10-2011 മുതൽ 26-10-2016 വരെ)<br>ശ്രീ.ഗോപകുമാർ.എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി.വിഷ്ണുപ്രിയ (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.തങ്കച്ചി | 01-4-2015 മുതൽ | |

| | | | |
|---|---|---|---|
| | | 31-10-2015 വരെ | |
| | ശ്രീ.പി.അനിൽകുമാർ | 1-11-2015 മുതൽ 31-3-2016 വരെ | |
| സെക്രട്ടറി | ശ്രീ.ശ്രീകുമാർ.ജി | 1-4-2015 മുതൽ 31-3-2016 വരെ | |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി. ബി.ഷൈലജ | 01-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.അജ്മി | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജൻ | | ശ്രീ.സാബു സേവ്യർ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | | ഡോ.മാലതി | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | | ഡോ.വിനോദ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | | ഡോ.ജയശ്രീ | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | | കുമാരി.സ്വാതികൃഷ്ണൻ | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ഷീല.പി. | 1-4-2015 മുതൽ 31-3-2016 വരെ |

| | | | |
|---|---|---|---|
| അസി.എഞ്ചിനീയർ | | ശ്രീമതി.സജിത | 1-4-2015 മുതൽ 28-6-2015 വരെ |
| | | ശ്രീ.മനോജ്.എം.ഡി | 29-6-2015മുതൽ 31-3-2016 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ.ജോൺസൺ | 1-4-2015 മുതൽ 31-3-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | അനധികൃത നിർമ്മാണം | 2.1 |

| | | |
|---|---|---|
| | ഭാഗം 3 | |
| 13 | വിനിയോഗവിവരം ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു | 3.1 |
| 14 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3.2 |
| 15 | ആട് വളർത്തൽ പദ്ധതി-അപാകതകൾ | 3.3 |
| 16 | അംഗൻവാടി കെട്ടിടനിർമ്മാണം – ഭരണാനുമതി ലഭ്യമാക്കാതെ പ്രോജക്റ്റ് നടപ്പാക്കി | 3.4 |
| 17 | ജില്ലാപഞ്ചായത്ത് വിഹിതം – വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 3.5 |
| 18 | അംഗൻവാടിയ്ക്ക് ഗ്യാസ് കണക്ഷൻ – ക്വട്ടേഷൻ നടപടികളിലെ വീഴ്ച | 3.6 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – പദ്ധതി പൂർത്തീകരിച്ചില്ല | 3.7 |
| 20 | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3.8 |
| 21 | അംഗൻവാടി ഭൗതിക സാഹചര്യം – അവലോകനം | 3.9 |
| 22 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച – നടപടിക്രമങ്ങളിലെ വീഴ്ചമൂലം നഷ്ടം | 3.10 |
| 23 | പൂർത്തീകരിക്കാതെയുള്ള നിർമ്മാണപ്രവൃത്തികൾ | 3.11 |
| 24 | മെറ്റലിംഗിൽ മാത്രം ഒതുക്കി റോഡ് നിർമ്മാണ പ്രവൃത്തികൾ | 3.12 |
| | ഭാഗം-4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |

| | | |
|---|---|---|
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 30 | ഓഡിറ്റ് റിക്കവറി | 4.6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4.7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് /പുതുക്കിയ ബജറ്റ് 27.3.2015 തീയതിയിലെ നം.1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 15-7-2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25-10-2016 | വാർഷിക ധനകാര്യപത്രിക പരിശോധനാ സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

അപാകതകൾ

1.ബജറ്റ്ഫങ്ഷൻ-ഫങ്ഷനറിഅടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

2. സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്.

3. സംയോജിത പദ്ധതികൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ട് ചിലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

4. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -11879164

വരവ് -27679998

ആകെ -39559162

ചെലവ് -35377099

നീക്കിയിരിപ്പ്-4182063

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി-യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 1744502 | 9261928 | 11006430 | 10846430 | 160000 | 98.55 |
| വികസന ഫണ്ട് എസ്.സി.പി. | 958350 | 2431944 | 3390294 | 3390294 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 36000 | 0 | 36000 | 36000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 83594 | 2245265 | 2328859 | 2328859 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 85500 | 2656527 | 2742027 | 2742027 | 0 | 100 |
| 13-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1332081 | 4624619 | 5956700 | 5956700 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2460143 | 2168633 | 4628776 | 4628776 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 310 | 14407470 | 14407780 | 14406357 | 1423 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 16617549 | 16617549 | 16617549 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 42215326 | 92 | 24431055 | ഇല്ല | 3 | 97% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതുവരുമാനമിനത്തിൽ 25% കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2781463 | 2001205 | (-)780258 | |
| നികുതിയേതര വരവുകൾ | 1997438 | 685791 | 1311647 | |
| മറ്റുവരവുകൾ | 6029835 | 5388957 | 640878 | (-) |
| ആകെ | 10808736 | 8075953 | (-)2732783 | (-)25% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 243960 | 160 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 1384500 | 143 |
| 3 | വിധവാ പെൻഷൻ | 7008960 | 675 |
| 4 | വാർദ്ധക്യകാല പെൻഷൻ | 4456800 | 474 |
| 5 | വികലാംഗ പെൻഷൻ | 3031400 | 273 |
| 6 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 121840 | 12 |
| 7. | വിവാഹ ധനസഹായം | 360000/- | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-10-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2469/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നിർദ്ദിഷ്ട സാമ്പത്തിക വർഷം നികുതി-നികുതിയേതര വരുമാനത്തിൽ ഡിമാന്റ് ചെയ്തതിന്റെ 100% പിരിവ് കൈവരിച്ചിട്ടുണ്ട്. പിരിച്ചെടുക്കാൻ കഴിയാത്ത നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കാൻ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാംഖ്യ സമ്പ്രദായ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-10-2016 | 8/2016 മുതൽ9/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 04/03/13 | 2007-08 മുതൽ | 16-5-2013 |

| ജനറലിന്റെ ഓഡിറ്റ് | | 2011-12 വരെ | |
|---|---|---|---|

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത നിർമ്മാണം

ഫീൽഡ് സ്റ്റാഫിന്റെ പരിശോധനയിലൂടെ പത്ത് കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചവയാണെന്ന് കണ്ടെത്തിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | മേൽവിലാസം |
|---|---|---|---|
| 1 | III | പീയൂസ് | കൈതക്കുട്ടത്തിൽ ഇറക്കം, വടക്കുംഭാഗം |
| 2 | VII | പയസ്സ്/മേരി | കൊന്നവിള തെക്കതിൽ, ഞാറമൂട്, തെക്കുംഭാഗം |
| 3 | VII | ജോൺസൺ/ കൊറോണ | തുണ്ടുവിള, തെക്കുംഭാഗം |
| 4 | IX | ലോബി ഫെർണാണ്ടസ്/ എൽസിലോബി | മദർഹോം, ദളവാപുരം |
| 5 | IX | രമണി | മണലിൽ കിഴക്കതിൽ, ദളവാപുരം |
| 6 | IV | സ്റ്റെല്ല | ദീപു ഭവനം, മാലി ഭാഗം |
| 7 | IX | ഗിരിജ | മിഥുൻ ഭവനം, ദളവാപുരം |

| | | | |
|---|---|---|---|
| 8 | IX | തോമസ് ലൂർദ് | ലൂർദ് ഭവൻ, ദളവാപുരം |
| 9 | X | ദേവകി | പൂത്തുരത്ത്, നടുവത്ത് ചേരി |
| 10 | V | ക്രിസ്റ്റഫർ/ ജെസ്സി | വടക്കത്ത് വീട്, മാലിഭാഗം |

മേൽ കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങൾക്ക് നിയമാനുസൃതമായി ഈടാക്കേണ്ട നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.എസ്.എ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.84/16

തുക – 400000

എസ്.എസ്.എ പ്രോജക്ട് നടത്തിപ്പിനായി ജില്ലാ പ്രോജക്ട് ഓഫീസർക്ക് ഡി.ഡി.നം.985200/18-11-15 പ്രകാരം 400000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 3-2 ഗ്രാമസഭാ അംഗീകാരമില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നല്കി

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികളെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച് ആനുകൂല്യം നല്കിയിരിക്കുന്നു. കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായ 2 പ്രോജക്ടുകളിലാണ് പ്രസ്തുത അപാകത ഉണ്ടായിട്ടുള്ളത്.

1.ഇടവിള കൃഷി(പ്രോജക്ട് നമ്പർ 1/16)

അടങ്കൽ 200000/- (150000 ധനകാര്യ കമ്മീഷൻ, 50000/- ഗുണഭോക്തൃവിഹിതം)

ചെലവ് 200000/-

ബിൽ നമ്പർ 2/2015-16/28.1.16 150000/-

400 ഗുണഭോക്താക്കൾക്ക് ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ അടങ്ങുന്ന കിറ്റ് 500/-

രൂപയ്ക്ക് വീതം കെയ്ക്കോ, കൊട്ടാരക്കരയിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഡിഡി നമ്പർ 985851/28.1.16 പ്രകാരം 150000/- രൂപയും ഡിഡി നമ്പർ 986483/15.3.16 പ്രകാരം 50000/- രൂപയും കെയ്ക്കോയ്ക്ക് നല്കി. ഓരോ ഗുണഭോക്താവിനും 75% സബ്സിഡി എന്ന കണക്കിൽ 375/- രൂപ പഞ്ചായത്ത് വിഹിതമായി 375/- രൂപയും ഗുണഭോക്തൃവിഹിതമായി 125/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന 3 ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

1.സിന്ധുദാസ്, മീനത്തേരിൽ

2.ബിന്ദു, കക്കുഴി പടിഞ്ഞാറ്റതിൽ

3.മണിയമ്മ, പാലയ്ക്കറ്റോടിൽ

മേൽ വ്യക്തികളെ പഞ്ചായത്ത് കമ്മിറ്റി യുടെ 4.2.2016ലെ VIII(2) -ാം നമ്പർ തീരുമാനപ്രാകാരമാണ് അംഗീകരിച്ച് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗ്രാമസഭാ അംഗീകാരമില്ലാത്ത വ്യക്തികളെ തെരഞ്ഞെടുത്ത് ആനുകൂല്യം നല്കിയ നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 4/26.10.16 ന് നല്കിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട എല്ലാ വ്യക്തികളും ഗുണഭോക്തൃവിഹിതം അടയ്ക്കാത്തതിനാൽ പദ്ധതി പൂർണമായും നടപ്പാക്കാൻ കഴിയാതെ വന്ന സാഹചര്യത്താലും ഗ്രാമസഭാ കൂടി പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള സമയം ഇല്ലാഞ്ഞതിനാലും ആണ് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് കൃഷി ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭാ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാമെന്നും മറുപടി നല്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ വ്യക്തികൾക്ക് നല്കിയ 1125/- (375x3) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2.ഫലവൃക്ഷത്തൈ വിതരണം (പ്രോജക്റ്റ് നമ്പ്ർ 2/16)
അടങ്കൽ 66600/-(ധനകാര്യ കമ്മീഷൻ 49950/-, ഗുണഭോക്തൃ വിഹിതം 16650/-)

ചെലവ് 66600/-

ബിൽ നമ്പർ 3/15-16/18.2.16 49950/- (ഡിഡി നമ്പർ 986152/22.2.16)

ഗുണഭോക്തൃവിഹിതം 16650/- ഡിഡി നമ്പർ 986484/15.3.16
ഒരു ഗുണഭോക്താവിന് 300/- രൂപ വീതം ചെലവഴിച്ച് ഫലവൃക്ഷത്തൈകൾ കെയ്ക്കോയിൽ നിന്ന് വാങ്ങി 222 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 225/- രൂപ പഞ്ചായത്ത് വിഹിതമായും 75/- രൂപ ഗുണഭോക്തൃവിഹിതമായും നല്കി. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ താഴെ പറയുന്ന 74 ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

<u>വാർഡ് I</u>

ആർണോൾഡ്, നെൽസൺ, സോണി, മേഴ്സി, സരസ്വതി, പ്രഭാകരൻ, ശാന്തശീലൻ ,

വാർഡ് II
സരസ്വതി പിള്ള, സദാശിവക്കുറുപ്പ്, ചന്ദ്രൻ

വാർഡ് III

സന്തോഷ്കുമാർ, ശിവകുമാർ, ദീപാബിജു, മുരളീധരൻ പിള്ള,ഗീത, ഗോപകുമാർ, അജികുമാർ, ചന്ദ്രലേഖ

വാർഡ്IV

ശ്രീധരൻപിള്ള, കൃഷ്ണകുമാർ, ശ്രീലത, അനിൽകുമാർ കൃഷ്ണകുമാരി, ബാബുക്കുട്ടൻ

വാർഡ് V
ദീപ

വാർഡ് VI
ചന്ദ്രൻനായർ, ശ്രീദേവി, രമാദേവിപിള്ള, സത്യാനന്ദൻ, പത്മാക്ഷിപിള്ള, രഘുനാഥൻ പിള്ള, സദാശിവൻ പിള്ള, ഇന്ദിരാദേവി അമ്മ, ദീപു
വാർഡ് VII
ചന്ദ്രൻ,പിള്ള, ജോൺ, സിന്ധു ജോയ്, ജോസ്, അൽഫോൺസ്, സെബാസ്റ്റ്യൻ, റീത്താ, അനിത, ശ്രീകുമാർ, സിന്ധു, എബ്രഹാം, മേരി സോളമൻ, മേബിൾ, മേഴ്സി, സ്റ്റാൻലി, ശ്രീധരപണിക്കർ

വാർഡ് VIII

കാതറിൻലോറൻസ്, യേശുദാസൻ, ലൈലാമ്മ, ഡേവിഡ്, എൽസി ലബോയ്, കനകരാജൻ, മഞ്ജു

വാർഡ് XI
അജിത

വാർഡ് XII

കൃഷ്ണകുമാർ, തങ്കമണി, ഇന്ദിരാഭായി, ചന്ദ്രിക, മധുസൂദനൻ പിള്ള, അനിൽകുമാർ

വാർഡ് XIII

ഇന്ദിര, ഹരിദാസൻ, ഫ്രാൻസിസ്, പത്മിനി, മോഹൻകുമാർ, സൗമ്യ, സുഗതൻ, സ്വപന, രാജേന്ദ്രൻപിള്ള

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 4/26.10.16 ന് നല്കിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട എല്ലാ വ്യക്തികളും ഗുണഭോക്തൃവിഹിതം അടയ്ക്കാത്തതിനാൽ പദ്ധതി പൂർണമായും നടപ്പാക്കാൻ കഴിയാതെ വന്ന സാഹചര്യത്താലും ഗ്രാമസഭാ കൂടി പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള സമയം

ഇല്ലാഞ്ഞതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലും ആണ് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്ന് കൃഷി ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭാ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാമെന്നും മറുപടി നല്കിയിട്ടുണ്ട്. മേൽ വ്യക്തികൾക്ക് നല്കിയ 16650/- (225X74) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 ആടുവളർത്തൽ പദ്ധതി - സ്ഥാപനം തെരെഞ്ഞെടുത്തതിലും ആടിനെ വിതരണം ചെയ്തതിലും അപാകത

പ്രോജക്റ്റ്.നം.70/16- പെണ്ണാടിനെ വാങ്ങൽ (ജനറൽ)

അടങ്കൽ-390000/- രൂപ

പദ്ധതിവിഹിതം-195000/- രൂപ

ഗുണഭോക്തൃവിഹിതം – 195000/- രൂപ)

26 ഗുണഭോക്താക്കൾക്ക് നാല് മുതൽ ആറ് മാസം വരെ പ്രായമുള്ളതും 5000/- രൂപ വിലയുള്ളതുമായ 3 പെണ്ണാടിനെ വീതംവാങ്ങി നൽകുന്നതാണ് പ്രോജക്റ്റ്. ബിൽ നം4/15-16/15.2.16(90000/-), 5/1516/15.2.16(37500/-) പ്രകാരം പതിനേഴ് ഗുണഭോക്താക്കൾക്ക് 51 ആടുകളെ വിതരണം ചെയ്തു.

പ്രോജക്റ്റ് നം.73/16 – പെണ്ണാടിനെ വാങ്ങൽ (എസ്.സി.പി)

അടങ്കൽ-263750/- രൂപ

പദ്ധതിവിഹിതം (എസ്.സി.പി) -200000/- രൂപ

ഗുണവിഹിതം -63750/- രൂപ

17 വനിതാ ഗുണഭോക്താക്കൾക്ക് നാല് മുതൽ ആറ് മാസം വരെ പ്രായമുള്ളതും 5000/- രൂപ വിലയുള്ളതുമായ 3 പെണ്ണാടിനെ വീതം വാങ്ങി നൽകുന്നതാണ് പ്രോജക്റ്റ്. ബിൽ നം 3/15-16/15.2.16(146250/-), 6/15-16/26.3.16(33750/-) 16 ഗുണഭോക്താക്കൾക്ക് 48 ആടുകളെ വിതരണം ചെയ്തു.

മേൽ പ്രോജക്റ്റുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ആപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റുകൾ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതിയുള്ള സ്ഥാപനത്തിൽ നിന്ന് ആടിനെ വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആടിനെ സപ്ലൈ ചെയ്തത് അക്കരയിൽ ഗോട്ട്ഫാം എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം മേൽ സാമ്പത്തികവർഷം പ്രവർത്തിച്ചിരുന്നു എന്നത് ഉറപ്പാക്കുന്നതിനായി ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങി യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. മൃഗസംരക്ഷണ മേഖലയിലെ പർച്ചേസിംഗ് കമ്മറ്റി ഈ സ്ഥാപനത്തിൽ നിന്ന് ആടുകളെ വാങ്ങുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

2. പ്രോജക്റ്റ് പ്രകാരം 4മുതൽ 6മാസം വരെ പ്രായമുള്ളതും 10മുതൽ 12kg വരെ തൂക്കമുള്ളതുമായ ആടിനെയാണ് വാങ്ങി നൽകുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇൻഷ്വർ ചെയ്ത രേഖകൾ പരിശോധിച്ചതിൽ ഒരുമാസം മുതൽ പ്രായമുള്ള ആടുകളെ ഒരേ നിരക്കിൽ

(5000/-) വാങ്ങിയിട്ടുണ്ട്. ആടിന്റെ പ്രായം, തൂക്കം എന്നിവയെ അടിസ്ഥാനപ്പെടുത്തികൊണ്ട് മൃഗസംരക്ഷണ വകുപ്പ് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അംഗീകൃത സ്ഥാപനമല്ലാതിരിന്നിട്ടുകൂടി മേൽ നിരക്ക് പരിഗണിക്കാതെയാണ് വിവിധ തൂക്കത്തിലുള്ളവയ്ക്ക് ഒരേ നിരക്ക് നൽകിയിട്ടുള്ളത്.

ആട്ടുകളെ ഇൻഷ്വർ ചെയ്ത രേഖകൾ പ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസിന്റെ ഇൻഷ്വറൻസ് പോളിസി. നം. 1007054716P100940131 പ്രകാരം 8 ഗുണഭോക്താക്കൾക്ക് 1.5 മാസം പ്രായമുള്ള 24 ആടുകളും പോളിസി നം. 1007054715P115521332 പ്രകാരം ഒരാൾക്ക് ഒരു മാസം പ്രായമുള്ള ഒരാടിനേയും പോളിസിനം. 1007054715P115499444 പ്രകാരം 2 ഗുണഭോക്താക്കൾക്ക് ഒരു മാസം പ്രായമുള്ള രണ്ടും ഒന്നര മാസം പ്രായമുള്ള ഒരാടിനേയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഇത്തരത്തിൽ മതിയായ പ്രായവും തൂക്കവുമില്ലാതെ 28 ആടുകളെയാണ് നൽകിയിട്ടുള്ളത്. മേൽ ആപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിൽ തൂക്കം തെറ്റായി ഉൾപ്പെടുത്തിയത് ക്ലറിക്കൽ തെറ്റാണെന്ന വാദം അംഗീകരിക്കാൻ കഴിയില്ല. സർക്കാർ ആംഗീകൃത ഫാമുകളിൽ നിന്ന് വില്പനയ്ക്കായി നിശ്ചയിച്ച നിരക്ക് പ്രകാരം (No.H1.12896/Farms /3-5-2014) 61 മുതൽ 90 ദിവസം പ്രായമുള്ളവയ്ക്ക് 1200/- രൂപ മാത്രമാണ് വിലയെന്നിരിക്കെ 5000/- രൂപ ക്രമത്തിൽ നൽകിയത് നീതീകരിക്കാനാവില്ല. ഈ ഇനത്തിൽ നൽകിയ അധിക നിരക്ക് 81250/-രൂപ തടസ്സപ്പെടുത്തുന്നു.

| പോളിസി നം. | ഗുണഭോക്താവിന്റെ പേര് | ആടിന്റെ തൂക്കം | പദ്ധതി ചെലവ് |
|---|---|---|---|
| 1007054716 P100940131 | ശ്രീമതി.സരോജിനി, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.ആലീസ് ആഗനസ്, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.സരസ്വതിഅമ്മ, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.ഫ്രീഡജോസ്, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.സിന്ധു.വി, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.റീത്ത, ജനറൽ | 1.5x3 | 7500- |
| | ശ്രീമതി.അജിത, (എസ്.സി) | 1.5x3 | 11250 |
| | ശ്രീമതി.ഗോമതി (എസ്.സി) | 1.5x3 | 11250 |
| 1007054715 P115521332 | ശ്രീമതി. ലീന (ജനറൽ) | 1x1 | 2500 |
| 1007054715 P115499444 | ശ്രീമതി.ഇന്ദിര, (എസ്.സി) | 1x1 | 3750 |
| | ശ്രീ.ഭാസ്കരൻ (എസ്.സി) | 1x1+1.5X1 | 7500 |
| | ആകെ | 28 | 81250/- |

3. എസ്.സി (വനിത) ഗുണഭോക്താക്കൾക്കുള്ള നം.73/16 പ്രോജക്ടിൽപ്പെടുത്തി ശ്രീ. ഭാസ്കരൻ എന്ന ഗുണഭോക്താവിന് മൂന്ന് ആടിനെ നല്കിയിട്ടുണ്ട്. ആയത് പദ്ധതിയ്ക്ക് വിരുദ്ധമാകയാൽ ഗുണഭോക്തൃവിഹിതം കഴികെയുള്ള പദ്ധതിചെലവ് 11250/- രൂപയിൽ മേൽ ഖണ്ഡിക 2 പ്രകാരം തടസ്സപ്പെടുത്തിയ കഴികെയുള്ള 3750/- രൂപ വിനിയോഗം നിരാകരിക്കുന്നു.

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളിൽ ആട് വളർത്തൽ പദ്ധതിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/26-10-16ന് നാളിതുവരെ മറുപടി ലഭ്യമാക്കുകയോ എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 3-4 4ാം നമ്പർ അംഗൻവാടി കെട്ടിടം, ചുറ്റമതിൽ നിർമ്മാണം - ഭരണാനുമതി ലഭ്യമാക്കാതെ പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് – 117/2015, 34/16

അടങ്കൽ-888000 (ബ്ലോക്ക് വിഹിതം-200000/-, ആർ.ഐ.ഡി.എഫ്-688000/-)

കോൺട്രാക്ടർ – ശ്രീ.ഗോപാലകൃഷ്ണൻ, കുളങ്ങര, പുത്തൻസങ്കേതം

റ്റി.എസ്.നം-31/14-15

ചെലവ്തുക-200000/- (ചെക്ക് നം.691009013/22-12-2015)

എം.ബുക്ക്-1/15-16

ആകെ മൂല്യം-821880/-

അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ആർ.ഐ.ഡി.ഫ് വിഹിതം 660000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 200000/- രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. RIDF ഫണ്ടിന് ഭരണാനുമതി ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം 10-10-15ൽ പൂർത്തിയായതിൻ പ്രകാരം അളവുകൾ രേഖപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 200000/- രൂപ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കാത്തതിനാൽ കോൺട്രാക്ടർക്ക് തുക പൂർണ്ണമായി നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഭരണാനുമതി ലഭ്യമാകുന്നതിന് മുൻപായി പ്രോജക്ട് നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് ശിശുവികസന ഓഫീസറുടെ നം ICDS/CVR /C1/102/14/31-1-15 കത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായി ആർ.ഐ.ഡി.എഫ് ഫണ്ട് വകയിരുത്തിയിരുന്നതായി അറിയിച്ച സാഹചര്യത്തിലാണ് പ്രവൃത്തി ഏറ്റെടുത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കാതെ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കുകമൂലം കോൺട്രാക്ടർക്ക് പ്രതിഫലത്തുക നൽകാൻ കഴിയാത്ത

സ്ഥിതിയാണ് നിലവിലുള്ളത്.കൂടാതെ മേൽ പ്രോജക്ടിൽ കെട്ടിടം വയറിംഗ് ഉൾപ്പെടെയുള്ള ചെലവുകൾ കണക്കാക്കിയല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കെട്ടിടം പണി പൂർത്തിയായിട്ടും വയറിംഗ്, പ്ലമ്പിംഗ് ജോലികൾ ശേഷിക്കുന്നതിനാൽ അംഗൻവാടിയുടെ പ്രവർത്തനത്തിലേക്ക് പൂർണ്ണമായി സജ്ജമായിട്ടില്ല എന്ന് കാണുന്നു. RIDF ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-5 ജില്ലാ പഞ്ചായത്തിന് വിഹിതം നല്കിയെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.100000/- രൂപ

താഴെ പറയുന്ന സംയുക്ത പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് നല്കിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വികലാംഗർക്ക് മോട്ടോർ സൈക്കിൾ (പ്രോജക്ട് നമ്പർ 89/16)

ബിൽ നമ്പർ 8/15-16/23.1.16 പ്രകാരം 100000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് ഡിഡി നമ്പർ 985826/25.1.16 പ്രകാരം ജില്ലാ പഞ്ചായത്തിന് നല്കിയിരിക്കുന്നു. മേൽ പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറി 8/26.10.16 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ വിനിയോഗ തുക 100000/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചില്ല

പഞ്ചായത്തിലെ പട്ടിക ജാതിക്കാരായ 12 വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നം 93/16 പ്രകാരം 1200000/- രൂപ എസ് സി പി ഫണ്ടിൽ നിന്നും അടങ്കൽ വച്ച് 1021000/-രൂപ തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 3 പേർ തുക പൂർണമായും കൈപറ്റുകയോ പണി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| പേര് | ബിൽ നമ്പർ | തുക | ആകെ |
|---|---|---|---|
| രാജു,മേലൂർ താഴെ,<br>വാർഡ് XII | 24/15-16/10.2.16<br>39/15-16/31.3.16<br>01/15-16/28.8.16 | 24000<br>16000<br>40000 | 80000 |
| ഷീല,ഹരിശ്രീ,വാർഡ് V | 27/15-16/26.2.16 | 25000 | 90000 |

| | | | |
|---|---|---|---|
| | 32/15-16/18.3.16<br>38/15-16/30.3.16 | 45000<br>20000 | |
| സുമാദേവി,<br>അഞ്ചു ഭവനം,വാർഡ് III. | 4/15-16/12.10.15<br>35/15-16/28.3.16 | 24000<br>26000 | 50000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 9/31.10.16 ന് നല്കിയ മറുപടിയിൽ മേൽ വ്യക്തികളെക്കൊണ്ട് പണി പൂർത്തീകരിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷം, ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (S0011/16) മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും 1,00,000/- രൂപ ബിൽ നമ്പർ 4/15-16/23.1.16 പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നല്കി (ഡി.ഡി. നം. 985825/25.1.16). എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല .ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 5/26.10.16 ന് നല്കിയ മറുപടിയിൽ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 100000/-തുക തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ

തെക്കുഭാഗം ഗ്രാമപഞ്ചായത്തിന്റെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ അങ്കണവാടികൾ - 16

| അങ്കണ വാടി നമ്പർ | അങ്കണ വാടിയുടെ സ്ഥലം പേര് | കെട്ടിടം വാടക/ സ്വന്തം | 2015-16 ൽ ഫിറ്റ്നസ് കിട്ടിയി ട്ടുണ്ടോ | ശിശു സൗഹൃദ ടോയ് ലറ്റ് | കുടി വെള്ളം | വൈദ്യുതി | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|
| 1 | നെടുങ്ങോഴം | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു | ഇല്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ടാപ്പ് | | |
| 2 | പൈതേടിൽ | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഉണ്ട് | ഇല്ല |
| 3 | പായ്ക്കര പുതുവൽ | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഉണ്ട് | ഇല്ല |
| 4 | കല്ലംപുറം | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഇല്ല | ഇല്ല |
| 5 | ശങ്കര വിലാസം | സ്വന്തം | ഉണ്ട് | ഉണ്ട് | പൈപ്പ് | ഇല്ല | ഇല്ല |
| 6 | അമ്മയാർ നട | സ്വന്തം | ഉണ്ട് | ഉണ്ട് | പൈപ്പ് | ഇല്ല | ഇല്ല |
| 7 | ഊളൻ തടം | സ്വന്തം | ഉണ്ട് | ഉണ്ട് | പൈപ്പ് | ഉണ്ട് | ഇല്ല |
| 8 | ഞാറമൂട് | വാടക | ഉണ്ട് | ഇല്ല | പൊതു ടാപ്പ് | ഇല്ല | ഇല്ല |
| 9 | മേപ്പള്ളി | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഉണ്ട് | ഇല്ല |
| 10 | ദളവാപുരം | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഉണ്ട് | ഇല്ല |
| 11 | പള്ളിക്കോടി | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഉണ്ട് | ഇല്ല |
| 12 | പാലവിള | സ്വന്തം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 13 | സെന്റ് | സ്വന്തം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജെറോം ചർച്ച് | | | | | | |
| 14 | മണിയങ്കര കോളനി | സ്വന്തം | ഉണ്ട് | ഉണ്ട് | പൊതു ടാപ്പ് | ഇല്ല | ഇല്ല |
| 15 | കൊച്ചു തുരുത്ത് | വാടക | ഉണ്ട് | ഇല്ല | പൊതു ടാപ്പ് | ഇല്ല | ഇല്ല |
| 16 | ലൂർദ് പുരം | വാടക | ഉണ്ട് | ഇല്ല | പൊതു ടാപ്പ് | ഇല്ല | ഇല്ല |

അംഗൻവാടി നമ്പർ 13 ന് 26.12.1987 ൽ ശ്രീ.തോമസ് സേവ്യർ എന്ന വ്യക്തി 2 സെന്റ് സ്ഥലം വിട്ടുനല്കുകയും അവിടെ അംഗൻവാടി പ്രവർത്തിച്ചുവരികയുമായിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടം നാശോന്മുഖമായതിനെ തുടർന്ന് പഞ്ചായത്ത് പുതിയ കെട്ടിടം പണിയുന്നതിനായി നടപടികൾ കൈക്കൊണ്ടപ്പോൾ വസ്തു വിട്ടുതന്ന വ്യക്തിയുടെ ബന്ധുക്കൾ കോടതിയെ സമീപിക്കുകയും സ്റ്റേ വാങ്ങുകയും ചെയ്തു. അങ്കണവാടി വർക്കറുടെ വീട്ടിലാണ് നിലവിൽ പ്രസ്തുത അങ്കണവാടി പ്രവർത്തിക്കുന്നത്.

അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലം പോക്കുവരവ് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**3-9** <u>കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചു - ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ വീഴ്ച ബംഗ്ലാവിൽ തെക്കതിൽ – മണിയങ്കരകോളനി ഓടയ്ക്ക് സ്ലാബ്</u>

പ്രോജക്ട് നം-39/16

അടങ്കൽ തുക – 930000/-(ലോകബാങ്ക് സഹായം -545000, ധനകാര്യകമ്മിഷൻ ഗ്രാന്റ് – 385000)

കരാറുകാരൻ – ശ്രീ.പത്മനാഭപിള്ള (9.21% കുറഞ്ഞ നിരക്ക്)

പ്രവൃത്തിയുടെ മൂല്യം -921560/- (2/30-8-16—291685/-, 36/31-3-16- 312665/-)

എം.ബുക്ക് – 32/15-16

പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത( 18% ൽ കുറവ്) ശ്രീ.നജ്മിന്റെ ക്വട്ടേഷൻ 19.9.15 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ച് ടിയാന് സെലക്ഷൻ നോട്ടീസ് നൽകി. (No.39/23.9.15). എന്നാൽ ടി വർക്ക് ഏറ്റെടുക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് ടിയാൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. പത്മനാഭപിള്ളയ്ക്ക് ഏല്പിച്ചുനൽകി. ഫൈനൽ ബിൽതുക നൽകിയിട്ടില്ല. നിരക്കുകൾ തമ്മിൽ മതിയായ അന്തരം ഉണ്ടായിരുന്നിട്ടും പ്രവൃത്തി റീടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ശ്രീ. നജ്മം ഇ.എം.ഡി ക്വട്ടേഷനോടൊപ്പം സമർപ്പിക്കാതിരുന്നതിനാൽ പ്രവൃത്തിയിൽ നിന്ന് പിൻമാറിയതു മൂലമുണ്ടായ നഷ്ടം ടിയാനിൽ നിന്ന് ഈടാക്കാനും കഴിഞ്ഞിട്ടില്ല. കൂടിയ നിരക്കിൽ പ്രവൃത്തി ഏല്പിച്ച നൽകിയതുമൂലം ഫണ്ടിന് 81005/- രൂപയുടെ (921560X(18-9.21)%) അധികചെലവുണ്ടായി. ടിയാനിൽ നിന്ന് ഇ.എം.ഡി ഇനത്തിൽ വാങ്ങേണ്ടിയിരുന്ന തുക 23250/- (930000X2.5%) രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാനും നടപടിക്രമങ്ങളിലെ വീഴ്ചമൂലം സാധിച്ചിട്ടില്ല.

<u>പണ്ടാരവയൽ ഓടയ്ക്ക് സ്ലാബിടിൽ-വാർഡ്-6</u>

പ്രോജക്ട് നം – 48/16

അടങ്കൽ തുക – മെയിന്റനൻസ് ഫണ്ട്(റോഡ്) – 500000,

കരാറുകാരൻ – ശ്രീ.ഉണ്ണികൃഷ്ണപിള്ള (8.56 കുറഞ്ഞ നിരക്ക്)

പ്രവൃത്തിയുടെ മൂല്യം – 499873/-(28/31-3-16—457084/-)

എം.ബുക്ക്-26/15-16

പ്രവൃത്തി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (18.5% ൽ കുറവ്) ശ്രീ. നജ്മിന്റെ ക്വട്ടേഷൻ 19.9.15ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ച് ടിയാന് സെലക്ഷൻ നോട്ടീസ് നൽകി. (No.39/23.9.15) എന്നാൽ ടി വർക്ക് ഏറ്റെടുക്കാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് ടിയാൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ഉണ്ണികൃഷ്ണപിള്ളയ്ക്ക് ഏല്പിച്ചുനൽകി. നിരക്കുകൾ തമ്മിൽ മതിയായ അന്തരം ഉണ്ടായിരുന്നിട്ടും പ്രവൃത്തി റീടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ശ്രീ. നജ്മം ഇ.എം.ഡി ക്വട്ടേഷനോടൊപ്പം സമർപ്പിക്കാതിരുന്നതിനാൽ പ്രവൃത്തിയിൽ നിന്ന് പിൻമാറിയതുമൂലമുണ്ടായ നഷ്ടം ടിയാനിൽ നിന്ന് ഈടാക്കാനും കഴിഞ്ഞിട്ടില്ല. കൂടിയ നിരക്കിൽ പ്രവൃത്തി ഏല്പിച്ച നൽകിയതുമൂലം 49687 രൂപയുടെ (499873X(18.5-8.56)%) അധികചെലവുണ്ടായി.

ടിയാനിൽ നിന്ന് ഇ.എം.ഡി ഇനത്തിൽ വാങ്ങേണ്ടിയിരുന്ന തുക 12500/-(500000X2.5%) രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനും നടപടിക്രമങ്ങളിലെ വീഴ്ചമൂലം സാധിച്ചിട്ടില്ല. മേൽപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാത്ത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ ചെയ്യാത്തതിന് കാരണം ലഭ്യമാക്കാനും പ്രവൃത്തി ഉപേക്ഷിച്ച പോയ കരാറുകാരന്റെ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനാവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/31.10.16) ശ്രീ.നജ്ജും ക്വട്ടേഷനോടൊപ്പം ഇ.എംഡി സമർപ്പിച്ചിരുന്നില്ലെന്നും രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നിട്ടും പ്രവൃത്തി ഏറ്റെടുക്കാൻ ആരും ഇല്ലാതിരുന്ന സാഹചര്യത്തിലാണ് ഇ.എം.ഡി കൂടാതെ ക്വട്ടേഷൻ അംഗീകരിച്ചതെന്നും ടിയാൻ പ്രവൃത്തി ഏറ്റെടുക്കാതിരുന്ന സാഹചര്യത്തിൽ വീണ്ടും ടെണ്ടർചെയ്താൽ കുറഞ്ഞനിരക്ക് ലഭിക്കാൻ സാധ്യതയില്ലാതിരുന്നതിനാലാണ് രണ്ടാമന്റേത് കൂടിയ നിരക്ക് ആയിരുന്നെങ്കിൽകൂടി പ്രവൃത്തി ഏൽപ്പിച്ച നൽകിയതെന്നും വിശദീകരിച്ചിട്ടുണ്ട്. ഇ.എം.ഡി വയ്ക്കാതെ ക്വട്ടേഷൻ /ടെണ്ടറിൽ പങ്കെടുക്കാൻ അനുവാദം നൽകിയതിനുള്ള വിശദീകരണം അംഗീകരിക്കത്തക്കതല്ല. നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള ക്വട്ടേഷൻ നടപടികൾ മൂലം കരാറുകാരന് പിൻമാറാനുള്ള സാഹചര്യം ഉണ്ടാക്കി. ആയതിനാൽ ടി രണ്ട് പ്രവൃത്തികളിലുമായി ഫണ്ടിനുണ്ടായ നഷ്ടം35750/-(23250+12500) ടെണ്ടർ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ച നൽകിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-10 <u>അനുബന്ധ സൗകര്യങ്ങൾ ഇല്ലാതെ നിർമ്മാണ പ്രവൃത്തികൾ</u>

ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾ 2015-16 വർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾ (വൈദ്യുതി, കുടിവെള്ളം എന്നിവ) ഒരുക്കുന്നതിന് തുക വകയിരുത്തിയിരുന്നില്ല. മേൽകെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യം വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ടതിന് (ഓ. എൻക്വയറി 10/31.10.16) തുടർവർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പൂർത്തീകരണവിവരങ്ങൾ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് നം. പ്രോജക്ടിന്റെ വിവരം | പ്രോജക്ട് അടങ്കൽ | ചെയ്ത പ്രവർത്തിയുടെ വിവരം | ചെലവ് തുക |
|---|---|---|---|
| ഹോമിയോ ഡിസ്പെൻസറി ഒന്നാം നിലയിൽ അനുബന്ധഓഫീസ് കെട്ടിടനിർമ്മാണം, | ലോകബാങ്ക് 900000/- | കെട്ടിട നിർമ്മാണം | 827650/-(16 /15-16/12.2.16) |

| | | | |
|---|---|---|---|
| 38/16,എം.ബുക്ക് നം-15,16/15-16, കോൺട്രാക്ടർ- ശ്രീ.പത്മനാഭൻപിള്ള | | | |
| പഞ്ചായത്ത് ഓഫീസ് ഒന്നാം നിലയിൽ മിനി കോൺഫറൻസ് ഹാൾ നിർമ്മാണം,37/16, എം.ബുക്ക് നം-31/15-16, കോൺട്രാക്ടർ- ശ്രീ.ഉണ്ണികൃഷ്ണപിള്ള | ലോകബാങ്ക് 1000000/- | കെട്ടിട നിർമ്മാണം | 883898/-(30 /15-16/31.3.2016) |

## 3-11 മെറ്റലിംഗിൽ മാത്രം ഒതുങ്ങിയ റോഡ് നിർമ്മാണ പ്രവൃത്തി

ചുവടെ ചേർക്കുന്ന പ്രോജക്റ്റ് പ്രകാരം മെറ്റലിംഗ് മാത്രം ഏറ്റെടുത്ത് റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

പ്രോജക്റ്റ് നം.29/15-16
കരാറുകാരൻ – ശ്രീ. മന്മഥൻപിള്ള
എം.ബുക്ക്-29/15-16
കല്ലുംപുറത്ത്മുക്ക്-ഇറക്കത്ത്മുക്ക് റോഡ് മെറ്റലിംഗ് എന്ന പ്രവർത്തിയ്ക്കായി ബിൽ നം.29/31.3.16 പ്രകാരം 173846 രൂപ ചെലവ് ചെയ്തു.

മെറ്റിലിംഗ് മാത്രം നടത്തിയ ഇത്തരം റോഡുകൾ പെട്ടെന്ന് നശിച്ചുപോകാനിടയുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ഇത്തരത്തിലുള്ള പ്രവൃത്തി ഏറ്റെടുക്കേണ്ടി വന്നതെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.10/31.10.16) നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. ദീർഘവീഷണത്തോടും പൂർണ്ണമായി ആസ്തി സൃഷ്ടിക്കാനുതകുന്നതരത്തിൽ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചവറ | 2015-16 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, 10/16 | 200000 | ഇല്ല |
| | 2015-16 | 400000 | അഗതി,ആശ്രയ, 95/16 | 240000 | 160000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് | കുടുംബശ്രീ വിപണനകേന്ദ്രം വൈദ്യുതീകരണം ,24-15 | 35-6/2015 | 76500 | 76500 | 0 |
| " | ഗവ. എൽ.പി.എസ്. വൈദ്യുതീകരണം | 34-6/2015 | 50625 | 50625 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചാത്തന്നൂർ സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് No.443/8.3.1978 | 500 |
| ആകെ | 500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5406/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3--13 | 2538 | മഞ്ജു.ആർ.വി | 11502100328/ 19.6.15 |
| 2012-13 | 3--14 | 2868 | അസി.എഞ്ചിനീയർ | 11502100329/ 19-6-15 |
| ആകെ | | 5406 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27679998 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35377099 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 699025/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 3750 | ഡോ.സാബുസേവ്യർ, വെറ്റിനറി സർജൻ |
| 3-10 | | 35750/- | ശ്രീ.മനോജ്, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 3-1 | 400000 | ശ്രീ.ജോൺസൺ,<br>ഹെഡ്മാസ്റ്റർ |
| 3-2 | 17775 | ശ്രീമതി.അജ്മി.എച്ച്,<br>കൃഷിഓഫീസർ |
| 3-3 | 81250 | സാബു സേവ്യർ, വെറ്റിനറി സർജൻ |
| 3-5 | 100000 | ശ്രീ.ശ്രീകുമാർ,<br>സെക്രട്ടറി |
| 3-8 | 100000 | ഡോ.മാലതി,<br>ഹോമിയോ മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ
മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്,എം.ഒ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>മൈനാഗപ്പള്ളി<br>ഗ്രാമപഞ്ചായത്ത് | ശ്രീമംഗലം,<br>മുള്ളിക്കാവ്,<br>തേവലക്കര(പി.ഒ) |
| ഡോ.സാബു സേവ്യർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>തെക്കുംഭാഗം<br>ഗ്രാമപഞ്ചായത്ത് | കൈനിയിൽ ഹൗസ്,<br>കുരീപ്പുഴ (പി.ഒ)<br>പെരിനാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996 -97 | LFQ.P5.1277(1) /17.6.14 | 3 |
| 2005-06 | LFQ.P5.1277(4) /17.6.14 | 1 |
| 2006 -07 | LFQ.P5.1277(5) /17.6.14 | 3 |
| 2007 -08 | LFQ.P5.1277(6) /17.6.14 | 2 |
| 2008 -09 | LFQ.P5.1277(7) /17.6.14 | 9 |
| 2009 -10 | LFQ.P5.1277(8) /17.6.14 | 4 |
| 2010-11 & 2011 -12 | LFQ.P5.1277(9)/17.6.14 | 9 |
| 2012-13 | LFQ.P5.126/15 /18.5.15 | |
| 2013-14 & 2014-15 | KSAKLM-P5-282 /12.2.16 | |

## 4-10

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം. പി.5 - 1798 / 2016 തീയതി : 02.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തെക്കുംഭാഗം

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം